**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കായംകുളം നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ക്ലാർക്കായ ശ്രീ ആർ.ശ്രീകുമാറിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 658/ 2019/ തസ്വഭവ. തീയതി, തിരുവനന്തപുരം, 20.03.2019

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.04.2014 തീയതിയിലെ ഇ 4(എസ്.സി 37/ 2013/ എഎൽപി) 32114/ 2013 നം. കത്ത്

2. സർക്കാരിന്റെ 30.07.2015 തീയതിയിലെ ഇയു2- 219/ 2015/ തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 17.01.2019 തീയതിയിലെ വി1- 19085/ 2015 നമ്പർ കത്ത്.

## ഉത്തരവ്

കായംകുളം നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആലപ്പുഴ യൂണിറ്റ് ' ഓപ്പറേഷൻ സർവ്വീസ് റൈറ്റ് ' എന്ന പേരിൽ 09.09.2013 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ പൊതുജനങ്ങൾക്ക് നഗരസഭയിൽ നിന്നും യഥാസമയം സേവനങ്ങൾ ലഭ്യമാകാതെ വന്നിട്ടുള്ളതായി കണ്ടെത്തിയതിന്റെ യടിസ്ഥാനത്തിൽ ടി നഗരസഭയിലെ ക്ലാർക്ക് ശ്രീ ആർ.ശ്രീകുമാറിന് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് സമർപ്പിച്ച പ്രതിവാദ പത്രികയിൽ കൊല്ലം മേഖലാ ജോയിൻറ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. വിജിലൻസ് പരിശോധനയിൽ വിവിധ പെൻഷൻ പദ്ധതികളുമായി ബന്ധപ്പെട്ട 331 അപേക്ഷകളിന്മേൽ 60 ദിവസത്തിലധികം നടപടികൾ സ്വീകരിക്കാതെ വച്ചിരിക്കുന്നത് സേവനാവകാശനിയമം 2012 പ്രകാരം കുറ്റകരമായതിനാലാണ് അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ഈ അപേക്ഷകൾക്ക് പെൻഷൻ മാനദണ്ഡങ്ങൾ പ്രകാരം മതിയായ രേഖകൾ ഇല്ലാത്തതിനാലാണ് തീർപ്പാക്കാതിരുന്ന തെന്നും ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) സംവിധാനം നടപ്പിലാക്കുന്നതിനായി 1500 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് രേഖകൾ സോഫ്റ്റ്‌വെയറിൽ എൻട്രി വരുത്താനുണ്ടായിരുന്നെന്നും ശ്രീ ആർ. ശ്രീകുമാർ മറുപടി നല്കിയിരിക്കുന്നു. കാലതാമസം വരുത്തിയ അപേക്ഷകളിലെ അർഹരായവർക്ക് പെൻഷൻ അനുവദിക്കുന്നതിനാവശ്യ മായ രേഖകൾ ലഭ്യമാക്കി പെൻഷൻ അനുവദിച്ചിട്ടുള്ളതാണെന്നും

മന.പൂർവ്വമല്ലാതെയുണ്ടായ കാലതാമസം മാപ്പാക്കി ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു .

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലെ റിപ്പോർട്ട് പ്രകാരം, ടി വിഷയം സംബന്ധിച്ച് നഗരസഭയിൽ നേരിട്ട് നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ ഡി.ബി.റ്റി സെല്ലിൽ ഓൺലൈൻ എൻട്രി വരുത്തിക്കൊണ്ടിരുന്ന കാലയളവിലാണ് അപേക്ഷകൾ തീർപ്പുകൽപ്പിക്കാതെ വന്നിട്ടുള്ളത്. കൂടാതെ പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം പ്രസ്തുത അപേക്ഷകൾ പരിഗണിക്കാൻ കഴിയില്ലെന്നുള്ള വെരിഫിക്കേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മാറ്റി വച്ചിരുന്നതെന്നും തുടർന്ന് പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കി ആയതിൽ അർഹരായ 293 പേർക്ക് കുടിശ്ശിക ഉൾപ്പെടെ പെൻഷൻ അനുവദിച്ചിരുന്നതായും 38 അപേക്ഷകൾ അനർഹരായതിനാൽ നിരസിക്കുകയും ചെയ്തിട്ടുള്ളതാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതായും ടി സാഹചര്യത്തിൽ ശ്രീ.ആർ.ശ്രീകുമാറിനെതിരെയുള്ള തുടർ നടപടികൾ ഒഴിവാക്കാവുന്നതാണെന്നും മേഖലാ ജോയിന്റ്ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നതായും അറിയിച്ചിരുന്നു.

4. 60 ദിവസത്തിലധികം നടപടികൾ സ്വീകരിക്കാത്തതായി 331 അപേക്ഷകൾ കണ്ടെത്തിയിട്ടുള്ളത് സേവനാവകാശചട്ടങ്ങൾക്ക് വിരുദ്ധമായതും പൊതുജനങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാകുന്നതിൽ കാലതാമസം വരുത്തിയിട്ടുള്ളത് ഗുരുതരമായ വീഴ്ചയായും കാണാവുന്നതാണ്. ഡി.ബി.റ്റി സംവിധാനം നടപ്പിലാക്കുന്നതു സംബന്ധിച്ച ജോലി ഭാരം നിമിത്തമാണ് അപേക്ഷകളിൽ കാലതാമസമുണ്ടായത് എന്നുള്ളത് ടി വീഴ്ചകൾ മാപ്പാക്കുന്നതിന് തക്ക കാരണമല്ല. എന്നാൽ പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം ആവശ്യമായ രേഖകൾ അപേക്ഷകരിൽ നിന്നും ലഭ്യമാക്കുന്നതിലുള്ള കാലതാമസമാണ് ഉണ്ടായിട്ടുള്ളതെന്നും വെരിഫിക്കേഷൻ ഓഫീസറുടെ റിപ്പോർട്ടു പ്രകാരമാണ് അപേക്ഷകൾ മാറ്റി വച്ചിട്ടുള്ളത് എന്ന് മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതും പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം നേരത്തെ നൽകിയിരുന്ന അപേക്ഷകൾ പരിഗണിക്കാൻ കഴിയില്ല എന്നും അംഗീകരിച്ചുകൊണ്ട് ശ്രീ ആർ. ശ്രീകുമാറിന്റെ മറുപടിയുടേയും മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ ഇത്തരം വീഴ്ചകൾ തുടർന്ന് ആവർത്തിക്കാതിരിക്കുവാൻ നഗരസഭാ സെക്രട്ടറിയുടെ ഭാഗത്തുനിന്ന് കൃത്യമായ മേൽനോട്ടം ഉണ്ടാകേണ്ടതാണെന്നതിനാൽ മുകളിൽ വിവരിച്ച വീഴ്ചകൾക്ക് കായംകുളം നഗരസഭയിലെ ക്ലാർക്കായിരുന്ന ശ്രീ ആർ.ശ്രീകുമാറിന് ലഘുശിക്ഷ നല്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിന്റേയും കുറ്റാരോപണ മെമ്മോയിന്മേലുള്ള മറുപടിയുടേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. അപേക്ഷയിൽ അപകതകളുണ്ടെന്ന വെരിഫിക്കേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിവിധ പെൻഷൻ പദ്ധതികളുമായി ബന്ധപ്പെട്ട 331 അപേക്ഷകൾ 60 ദിവസത്തിൽ കൂടുതലായി ആരോപണ വിധേയൻ മാറ്റിവച്ചതെന്നു റിപ്പോർട്ടിൽ പരാമർശിച്ചു കാണുന്നു. പെൻഷൻ മാനദണ്ഡങ്ങൾ

പ്രകാരം മതിയായ രേഖകൾ ഇല്ലാത്തതിനാലാണ് തീർപ്പാക്കാതിരുന്നതെന്നും ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) സംവിധാനം നടപ്പിലാക്കുന്നതിനായി 1500 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് രേഖകൾ സോഫ്റ്റ്‌വെയറിൽ എൻട്രി വരുത്താനുണ്ടായിരുന്നെന്നും അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്ന അവസരത്തിൽ ലഭിച്ച അപേക്ഷകളാണ് പെൻഡിങ്ങിലുണ്ടായിരുന്നതെന്നും ശ്രീ ആർ. ശ്രീകുമാർ മറുപടി നല്കിയിരിക്കുന്നു. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 2012 ലെ റൈറ്റ് ടു സർവീസ് ആക്ട് പൊതുജനങ്ങൾക്ക് നൽകേണ്ട ഓരോ സർവീസിനും തീരുമാനമെടുക്കുന്നതിന് എത്ര ദിവസം വേണമെന്നതു സംബന്ധിച്ച്അതാതു വകുപ്പുകൾ കാലപരിധി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നു നിഷ്കർഷിച്ചിട്ടുണ്ട്. ആ പരിധിക്കുള്ളിൽ ലഭ്യമാക്കിയില്ലെങ്കിൽ അതിനുത്തരവാദികൾ ശിക്ഷാർഹരാണെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. പിന്നീട് 293 പേർക്ക് കുടിശ്ശിക ഉൾപ്പെടെ പെൻഷൻ അനുവദിച്ചിരുന്നതായും 38 അപേക്ഷകൾ അനർഹരായതിനാൽ നിരസിക്കുകയും ചെയ്തിട്ടുള്ളതാണെന്നു റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ആയതിനാൽ 2012 ലെ റൈറ്റ് ടു സർവീസ് ആക്ടിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി കാണുന്നു.

**6.** മേൽ സാഹചര്യത്തിൽ കായംകുളം നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആലപ്പുഴ യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ കായംകുളം നഗരസഭയിലെ ക്ലാർക്കായ ശ്രീ.ആർ. ശ്രീകുമാറിനെതിരായി ആരംഭിച്ച അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതബല പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.ആർ. ശ്രീകുമാർ, ക്ലർക്ക്, കായംകുളം നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്
(11.02.2019 തീയതിയിലെ VIG-D1/103/2019-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ